**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ പാർട്ട്ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ പി.കെ. ഇബ്രാഹിം എന്നയാളുടെ മകനും ആശ്രിതനുമായ ശ്രീ. പി.കെ. മുഹമ്മദിന് മലപ്പുറം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.19/2018/തസ്വഭവ. തീയതി, തിരുവനന്തപുരം,07/02/2018.

---

പരാമർശം :

1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ജി.ഒ.(പി) നം.14/10/പി & എ ആർ.ഡി തീയതി, 12/04/2010.
3) ശ്രീ. പി.കെ. മുഹമ്മദിന്റെ 08.03.2013 ലെ അപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ 28.11.2017 ലെ ഇ 14-11912/13 നം. കത്ത്.
5) മലപ്പുറം ജില്ലാ കളക്ടറുടെ 25.05.2017 ലെ എ 2-31784/16 നം. കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ പാർട്ട്ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ പി.കെ. ഇബ്രാഹിം എന്നയാളുടെ മകനും ആശ്രിതനുമായ ശ്രീ. പി.കെ. മുഹമ്മദിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചു. പരേതനായ പി.കെ. ഇബ്രാഹിമിന് 41 വർഷവും 07 മാസവും 03 ദിവസവും സേവനകാലമുണ്ട്.

2. മലപ്പുറം ജില്ലയിലെ മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ പാർട്ട്ടൈം സ്വീപ്പർ ആയിരിക്കേ 31.10.2012 ലാണ് പി.കെ. ഇബ്രാഹിം നിര്യാതനാവുന്നത്. അപേക്ഷകനായ ശ്രീ. പി.കെ. മുഹമ്മദ് പരേതന്റെ മകനാണ്. ടിയാൻ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 15.05.1967 ആണ്. അപേക്ഷകന് 50 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ 8-ാം ക്ലാസ് പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ മലപ്പുറം ജില്ലയിൽ പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ട്.

3. അപേക്ഷയോടൊപ്പം പരേതനായ പി.കെ. ഇബ്രാഹിമിന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, സേവന

സാക്ഷ്യപത്രം, അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം ഇടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാന്റെ കുടുംബവാർഷിക വരുമാനം 24,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും മലപ്പുറം ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ പാർട്ട്ടൈം സ്വീപ്പർ ആയിരിക്കേ മരണമടഞ്ഞ പി.കെ. ഇബ്രാഹിമിന്റെ ആശ്രിതൻ ശ്രീ. പി.കെ. മുഹമ്മദിന്റെ (പാലേമ്പടിയൻ കട്ടൂർ വീട്, സമൂസപ്പടി, വറ്റല്ലൂർ പി.ഒ, മലപ്പുറം ജില്ല, പിൻ - 676507) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1), (2) എന്നിവയിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ പി.കെ. ഇബ്രാഹിമിന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീ. പി.കെ. മുഹമ്മദ് (പാലേമ്പടിയൻ കട്ടൂർ വീട്. സമൂസപ്പടി, വറ്റല്ലൂർ പി.ഒ, മലപ്പുറം ജില്ല, പിൻ - 676507) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, മലപ്പുറം.

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/379/15/തസ്വഭവ).

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ